ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സംയോജനം സംബന്ധിച്ച് തിരു–കൊച്ചി സംസ്ഥാനത്തിനു വെളിയിൽനിന്നും ആരെ എങ്കിലും വരുത്തിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

സാഹിബ് ബഹദൂർ അബ്ദുൽ അസീസ്: സപ്ലിസ് സംയോജനത്തിനു വേണ്ടി ഒരു പ്രത്യേക സെക്രട്ടറിയെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

സാഹിബ് ബഹദൂർ അബ്ദുൽ അസീസ്: അദ്ദേഹത്തെ ഒരു വർഷത്തേക്കാണ് നിയമിച്ചിട്ടുള്ളതെന്നു അറിയാമോ?

ശ്രീ. സി. കേശവൻ: അദ്ദേഹത്തിന്റെ കാലാവധി എത്രവരെ ആണെന്നു പറയുവാൻ നോട്ടീസ് വേണം.

Sri. D. Gnanasigamoni: From the progress so far, will it be right in thinking that integration is never to be completed ?

Mr. Speaker: It contains an inference and so I disallow it.

സാഹിബ് ബഹദൂർ അബ്ദുൽ അസീസ്: സപ്ലിസ് സംയോജനം സംബന്ധിച്ചുള്ള ചുമതലകൂടി പബ്ലിക് സപ്ലിസ് കമ്മീഷനെ ഏല്പിക്കുന്നതു കൂടുതൽ കാര്യക്ഷമമായിരിക്കുകയില്ലേ?

ശ്രീ. സി. കേശവൻ: സപ്ലിസ് സംയോജനം സംബന്ധിച്ചുള്ള ആദ്യത്തെ പ്രവർത്തനം ഡിപ്പാർട്ട്മെന്റൽ ഹെഡ്സുമായി ആലോചിച്ച് ഗവൺമെന്റ് നടത്തുകയാണ് ചെയ്യുന്നതു്. എന്നാൽ അവസാനതീരുമാനം പബ്ലിക് സപ്ലിസ് കമ്മീഷന്റെ പരിശോധനക്ക് വിധേയമായി മാത്രമേ ചെയ്യുകയുള്ളൂ.

സ്റ്റേറ്റ് ഫൈനൽ പരീക്ഷ

*ഫർവ്വ. (ഫഢ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കൊച്ചിയിൽ നടന്ന മാതിരിയിലുള്ള സ്റ്റേറ്റ് ഫൈനൽ പരീക്ഷയിലെ മോഡറേഷൻ സമ്പ്രദായം തിരുവിതാംകൂർ–കൊച്ചിയിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): കൊച്ചി വിഭാഗത്തിലെ എസ്സ്. എസ്സ്. എൽ. സി. യിലേയും, തിരുവിതാംകൂർ വിഭാഗത്തിലെ ഇ. എസ്സ്. എൽ. സി. യിലേയും മോഡറേഷൻ സമ്പ്രദായം അന്തതന്നെയാണ്. എന്നാൽ പാസ്സാകുന്നതിനെ സംബന്ധിച്ച് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ മാർക്ക് ഓരോ വിഭാഗത്തിനും വ്യത്യസ്തമായിരുന്നു. ഫർവ്വ മാർച്ചിൽ നടത്തുന്ന പരീക്ഷയിൽ ഈ വ്യത്യാസം ഏറക്കുറെ പരിഹരിക്കുന്നതാണ്.

ശ്രീ. അലക്സാണ്ടർ വാകയിൽ: അനേകവർഷങ്ങളായി കൊച്ചിയിലുള്ള മോഡറേഷൻ സമ്പ്രദായം ഇക്കൊല്ലം നിറുത്തുവാനുള്ള കാരണം എന്താണ്?

ശ്രീ. എൽ. എം. പൈലി: അതിനു ഒരു ഏകീകരണം ഉണ്ടാകണമെന്നു വിചാരിച്ചാണ്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇപ്പോൾ തിരുവിതാംകൂറിലെ മോഡറേഷൻ സമ്പ്രദായമല്ലേ രണ്ടു വിഭാഗത്തിലുമുള്ള പരീക്ഷക്ക് അംഗീകരിച്ചിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൽ. എം. പൈലി: അതെ.

ശ്രീ. അലക്സാണ്ടർ വാകയിൽ: മദ്രാസിലും മറ്റും കൊച്ചി വിഭാഗത്തു നടപ്പുണ്ടായിരുന്ന സമ്പ്രദായമാണ് ഇപ്പോഴും നടപ്പിലിരിക്കുന്നതെന്ന് അറിയാമോ?

ശ്രീ. എൽ. എം. പൈലി: അറിയാം.

ശ്രീ. അലക്സാണ്ടർ വാകയിൽ: അതുകൊണ്ട് വീണ്ടും കൊച്ചിയിലെ സമ്പ്രദായംതന്നെ നടപ്പിൽവരുത്തുവാൻ ഗവൺമെൻറ് ആലോചിക്കുമോ?

ശ്രീ. എൽ. എം. പൈലി: അതേപ്പറ്റിയും ആലോചിക്കുന്നുണ്ട്.

ശ്രീ. അലക്സാണ്ടർ വാകയിൽ: കൊച്ചിയിൽ മുമ്പു പാട്ട് സിസ്റ്റം അനുവദിച്ചിരുന്നു. ഇപ്പോൾ അതു വേണ്ടെന്നുവയ്ക്കാൻ കാരണം എന്താണ്?

ശ്രീ. എൽ. എം. പൈലി: അതും ഏകീകരണത്തിന്റെ ഒരു പടിയായി നിറുത്തിയതാണ്.

ശ്രീ. എ. താണുപിള്ള: തിരുവിതാംകൂർ സംസ്ഥാനത്തും കൊച്ചി സംസ്ഥാനത്തുമുള്ള മോഡറേഷൻ സമ്പ്രദായം ഒന്നുതന്നെയാണെന്നു ആദ്യം പറഞ്ഞു. പിന്നീടുണ്ടായ ചോദ്യങ്ങൾക്കുത്തരമായി അതിനു വ്യത്യാസം ഉണ്ടെന്നും പറയുന്നു. ഇതിൽ ഏതാണ് ശരി?

ശ്രീ. എൽ. എം. പൈലി: ജനറലായി നോക്കുമ്പോൾ ഇവയ്ക്കുതമ്മിൽ വ്യത്യാസമില്ലെങ്കിലും അതിന്റെ മൈനർ ഡീറ്റെയിൽസിൽ ചില വ്യത്യാസങ്ങളെല്ലാം ഉണ്ട്.

ശ്രീ. എ. താണുപിള്ള: ഏറ്റവും കുറഞ്ഞ മാർക്ക് നിശ്ചയിക്കുന്നതിലും മറ്റും ചില വ്യത്യാസങ്ങൾ ഉണ്ടെന്നല്ലാതെ മോഡറേഷൻ സമ്പ്രദായത്തിൽ വല്ല വ്യത്യാസങ്ങളുമുണ്ടോ?

ശ്രീ. എൽ. എം. പൈലി: പ്രിൻസിപ്പിളിൽ വ്യത്യാസമൊന്നുമില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഈ രണ്ടു സംസ്ഥാനത്തും ഇത്തവണത്തെ പരീക്ഷയിൽ ജയിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ ശതമാനത്തിൽ വല്ല വ്യത്യാസവുമുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിനു നോട്ടീസുവേണം.

ശ്രീ. എ. കെ. പാച്ചുപിള്ള: മോഡറേഷൻ സമ്പ്രദായത്തിൽ രണ്ടു വിഭാഗത്തിലും വ്യത്യസ്തമായ ചില രീതികൾ ഉണ്ടെന്നു പറഞ്ഞു. അതിനുള്ള കാരണം എന്താണ്?

ശ്രീ. എൽ. എം. പൈലി: ചില തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി രണ്ടു സംസ്ഥാനങ്ങളിലും ഓരോ സമ്പ്രദായം ഏർപ്പെടുത്തി, വളരെ നാളായി അംഗീകരിച്ചുപോരുന്നതാണ് അതു്. ചില പ്രത്യേക സാഹചര്യങ്ങളിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാകരുതെന്ന കരുതി ആ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളതാണ്. അതിനാൽ ഈ വ്യത്യാസങ്ങൾ നിലനിന്നുപോന്നു.

ചേർത്തല—ആലപ്പുഴ തോട്

* ക്വസ്. (ക്വ) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചേർത്തല—ആലപ്പുഴ തോട് താഴ്ത്തുന്നതിനു് അയച്ചിട്ടുള്ള ഡ്രഡ്ജർ ആലപ്പുഴനിന്നും വടക്കോട്ട് എത്ര മൈൽ തോട് താഴ്ത്തിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly